പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3251 | 19.06.2019-ൽ മറുപടിക്ക്

## പദ്ധതി നിർവ്വഹണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, അനിൽ അക്കര<br>,, അൻവർ സാദത്ത്<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണം തൃപ്തികരമായിരുന്നോ;വിശദാംശം നൽകുമോ; | എ) 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2018-19 വർഷം പെൻഡിംഗ് ബില്ലുകൾ കൂടി കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകൾ 95.03% ഉം ജില്ലാ പഞ്ചായത്തുകൾ 91.32% ഉം പദ്ധതി പുരോഗതി നേടിയിട്ടുണ്ട്. കോർപ്പറേഷനുകൾ 70.32% വും മുനിസിപ്പാലിറ്റികൾ 81.68% വും പദ്ധതി വിഹിതം ചെലവഴിച്ചിട്ടുള്ളതാണ്. മുക്കം നഗരസഭ 100% പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ 89.35 ശതമാനം പദ്ധതിച്ചെലവ് കൈവരിച്ചിരുന്നു. |
| ബി) കഴിഞ്ഞവർഷം എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിരുന്നോ; ഇത് പ്രസ്തുത വിഭാഗങ്ങളുടെ ശാക്തീകരണത്തെ പ്രതികൂലമായി ബാധിച്ചുവെന്നത് പരിശോധിച്ചിട്ടുണ്ടോ; | ബി) കഴിഞ്ഞവർഷം എസ്.സി.പി., റ്റി.എസ്.പി. പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. |
| സി) പദ്ധതി നിർവ്വഹണം 2019-20-ൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | സി) സർക്കാരിന്റെ 19.09.2018 ലെ സ.ഉ.(സാധാ) നം.2462/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ 15.05.2019 ലെ സ.ഉ(സാധാ) നം.988/2019/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് കൊണ്ടുള്ള മാർഗ്ഗരേഖ |

പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ നഗരസഭകളിലെയും പദ്ധതി വിനിയോഗം സംബന്ധിച്ചുള്ള നഗരസഭാ സെക്രട്ടറിമാരുടെ മാസാന്ത്യ അവലോകന യോഗം വകുപ്പ് തലത്തിൽ നടത്താറുണ്ട്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2019-20 വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ തയ്യാറാക്കിയതിന്റെ ഭാഗമായി, തയ്യാറാക്കിയ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനായി നടപടികൾ നടന്നു വരുന്നു. അതോടൊപ്പം പദ്ധതി നിർവ്വഹണവും പ്രാദേശിക സർക്കാരുകളുടെ മറ്റ് പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമതയോടെ ചിട്ടപ്പെടുത്തി മുന്നോട്ട് കൊണ്ട് പോകുന്നത് സംബന്ധിച്ച് ഒരു പൊതുധാരണ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി മേഖലാ തലത്തിൽ യോഗങ്ങൾ നടത്തി വരുന്നു. 16.05.2019 ന് എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിലേത് കിലയിൽ വച്ചും, 18/05/2019 ന് തിരുവനന്തപുരം, കൊല്ലം ജില്ലകളിലേത് തിരുവനന്തപുരത്ത് കേരള പഞ്ചായത്ത് അസോസിയേഷൻ ഹാളിൽ വച്ചും 07/06/2019 ന് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിലേത് അയ്മനം ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ചുമാണ് സംഘടിപ്പിച്ചത്.

15/06/2019 ന് കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലേയും തദ്ദേശ സ്വയംഭരണ അദ്ധ്യക്ഷൻമാരുടെ മേഖലാ യോഗങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഡി) പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് ഉപജീവനം ഉറപ്പാക്കൽ പദ്ധതി 2019-20 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) ഉണ്ട്. സ.ഉ.(കൈ) നം. 2710/2018/തസ്വഭവ തീയതി 23/10/2018 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ 2019-20 വാർഷിക പദ്ധതിയിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ